<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3908</u> <u>27-10-2021 - ൽ മറുപടിയ്ക്ക്</u>

<u>ജങ്ക്ഫുഡുകളുടെ വിപണനവും ഉപഭോഗവും പരിമിതപ്പെടുത്താൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ജങ്ക്ഫുഡുകളുടെ വിപണനവും ഉപഭോഗവും പരിമിതപ്പെടുത്താൻ അധിക നികുതി, അധികവില, പരസ്യങ്ങളുടെ നിയന്ത്രണം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ നയം രൂപീകരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | കുട്ടികളിലും മുതിർന്നവരിലും ജങ്ക് ഫുഡുകളുടെ ഉപയോഗമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് നിരവധി അവബോധന ക്ലാസുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് സംഘടിപ്പിച്ചു വരുന്നു. Safe & Nutritious Food at School (SNF@ School) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17, 2018, 2019 എന്നീ കാലഘട്ടങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികളിൽ ഇത് സംബന്ധിച്ച അവബോധനം നൽകി വരുന്നു. ജങ്ക് ഫുഡിന് നിലവിൽ ചരക്കുസേവന നികുതി ബാധകമാണ്. ചരക്കുസേവന നികുതി നിയമപ്രകാരം ചരക്കുകളിലോ സേവനങ്ങളിന്മേലോ നികുതി വർദ്ധിപ്പിക്കുന്നത് ചരക്കുസേവന നികുതി കൗൺസിലിന്റെ ശുപാർശയുടെ അടിസ്ഥാനത്തൽ മാത്രമാണ്. |
| (ബി) | പാക്കറ്റ് ഫുഡുകളിൽ അവയിൽ അടങ്ങിയിരിക്കുന്നവയുടെ ലേബൽ നിർബന്ധമാക്കുന്നതിനുവേണ്ടി ആരോഗ്യവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ Food Safety & Standards (Packaging & Labelling) Regulations 2011, ചട്ടം 2.2.2 പ്രകാരം പാക്കറ്റ് ഫുഡുകളിൽ ലേബൽ നിർബന്ധമാക്കിയിട്ടുണ്ട്. ഭക്ഷ്യ വസ്തുക്കളിൽ അടങ്ങിയിട്ടുള്ള ചേരുവകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലേബലിൽ രേഖപ്പെടുത്തണമെന്നും Food Safety & Standards (Packaging & Labelling) Regulations 2011 ചട്ടം 2.2.2-ൽ നിഷ്കർഷിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന പരിശോധനകളിൽ ലേബലില്ലാതെയോ തെറ്റായ വിവരങ്ങൾ ലേബലിൽ ഉൾപ്പെടുത്തിയോ ലഭ്യമാകുന്ന പാക്കറ്റ് ഫുഡുകൾക്കെതിരെ 2006-ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പാക്കറ്റ് ഫുഡുകളിലെ അധികമായ സോഡിയം, കൊഴുപ്പ് എന്നിവയുടെ മുന്നറിയിപ്പ് കൂടി ഉൾപ്പെടുത്തി മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയായ Food Safety Standards Authority of India (FSSAI) ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം പാക്കറ്റ് ഫുഡുകളിൽ അടങ്ങിയിട്ടുള്ള ചേരുവകളുടെ |

| | | | |
|---|---|---|---|
| | | | വിവരം അവയുടെ അളവ് എന്നിവ ലേബലിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് Food Safety & Standards (Packaging & Labelling) Regulations 2011, ചട്ടം 2.2.2-ൽ പ്രതിപാദിച്ചിട്ടുണ്ട്. സോഡിയം, കൊഴുപ്പ് എന്നിവ അടങ്ങിയിട്ടുള്ള ഭക്ഷ്യ വസ്തുക്കളിൽ അവയുടെ വിവരങ്ങളും അളവുകളും ലേബലിൽ രേഖപ്പെടുത്തണമെന്നു കൂടി കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി (FSSAI), Food Safety & Standards (Packaging & Labelling) Regulations 2011, 2.2.2 പ്രകാരം നിഷ്കർച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ